**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2303** **12-02-2024 - ൽ മറുപടിയ്ക്ക്**

**പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളെയാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നതിന് ആരോഗ്യ വകുപ്പ് ശിപാർശ ചെയ്തിട്ടുള്ളത്; വിശദമാക്കുമോ; | (എ) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന ആരോഗ്യ സ്ഥാപനങ്ങളെയാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നതിനായി ആരോഗ്യ വകുപ്പ് ശിപാർശ ചെയ്തിട്ടുള്ളത്.<br>FWC കുളക്കാട്ടു ചാലി (2023-24)<br>FWC പാലപ്പെട്ടി (2023-24)<br>FWC കരിപ്പൂർ (2023-24)<br>FWC ഒളങ്കര (2023-24)<br>FWC ക്രൂപ്പ (2023-24)<br>ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം പള്ളിക്കൽ (2023-24)<br>പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സബ് സെന്ററിന് 55.5 ലക്ഷം രൂപയും കുടുംബാരോഗ്യ കേന്ദ്രത്തിന് 143 ലക്ഷം രൂപയും CHC/ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിന് 575 ലക്ഷം രൂപയുമാണ് ഗ്രാന്റ് ലഭ്യമാകുന്നത്. |
| (ബി) | പ്രസ്തുത സ്ഥപനങ്ങൾക്ക് വേണ്ടി വകുപ്പ് ആവശ്യപ്പെട്ട തുകയും വർഷവും സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ; | (ബി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചെന്ന് വ്യക്തമാക്കാമോ? | (സി) | സ്വന്തമായി കെട്ടിടമില്ലാത്തതോ, കാലപ്പഴക്കം കൊണ്ട് ഉപയോഗിക്കാൻ കഴിയാത്തതോ, സ്ഥലപരിമിതി മൂലം ബുദ്ധിമുട്ടുന്നതോ ആയ ആരോഗ്യ ഉപകേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് സ്കീം ഒന്ന് മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസലുകൾ ജില്ലാ തലത്തിൽ |

| | | | |
|---|---|---|---|
| | | | നിന്നും ക്ഷണിച്ചു കൊണ്ട് സംസ്ഥാനതല കമ്മിറ്റിയിലേയ്ക്ക് ശിപാർശ ചെയ്യുകയും തുടർന്ന് സംസ്ഥാനതല കമ്മിറ്റിയുടെ ശിപാർശയോടു കൂടി ദേശീയ തലത്തിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ